**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809</u>** **<u>31-01-2024 - ൽ മറുപടിയ്ക്ക്</u>**

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി (സേഫ് പദ്ധതി)</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സേഫ് പദ്ധതി പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന പുനരുദ്ധാരണത്തിന് വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1 ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും, 2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളതും 2010 ഏപ്രിൽ 1 ന് ശേഷം നിർമ്മിച്ചതുമായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമാണ് സേഫ് പദ്ധതി പ്രകാരം ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നത്. വീട് അപേക്ഷകന്റെയോ, ഭാര്യ/ഭർത്താവിന്റെയോ പേരിൽ ആയിരിക്കണം. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ, ഭവന പൂർത്തീകരണത്തിനോ സർക്കാർ ധനസഹായം ലഭിച്ചവരെയും, മുൻ വർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.<br><br>കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 2006 ഏപ്രിൽ 1 നും 2010 ഏപ്രിൽ -1 നുമിടയിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കാൻ കഴിയുമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തുന്നതുമായ വീടുകളെക്കൂടി സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫണ്ടുകൾ ലൈഫ് പാർപ്പിട പദ്ധതിയുടെ ഭാഗമാക്കി മാറ്റിയ സാഹചര്യത്തിൽ അർഹരായ മുഴുവൻ പേർക്കും വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം അനുവദിക്കാൻ കഴിയാതെ വരുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ലൈഫ് പദ്ധതിക്കായി പ്രത്യേകം ശീർഷകത്തിൽ നിന്നുമാണ് വിഹിതം അനുവദിക്കുന്നത്. എന്നാൽ വീടുകളുടെ നവീകരണത്തിന് വകയിരുത്തുന്ന ഫണ്ട് മറ്റൊരു ശീർഷകത്തിൽ നിന്നുമാണ്. ഫണ്ടിന്റെ കുറവുണ്ട്. |

| | | | |
|---|---|---|---|
| (സി) | വർഷങ്ങൾക്ക് മുമ്പ് സർക്കാർ ധനസഹായത്തോടെ വീടുകൾ ഭാഗികമായി നിർമ്മിക്കുകയോ കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതാകുകയോ ചെയ്ത അർഹരായ അപേക്ഷകരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മുമ്പ് സർക്കാർ ധനസഹായത്തോടെ വീടുകൾ ഭാഗീകമായി നിർമ്മിക്കുകയോ കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതാകുകയോ ചെയ്ത അർഹരായ അപേക്ഷകരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സേഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുവയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണം ഭൂരിഭാഗവും പാതിവഴിയിൽ നിലച്ച സ്ഥിതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ലൈഫ് ഭവന പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെയായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകൾ അനുവദിച്ചു നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (ഇ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി വകുപ്പ് നേരിട്ട് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാനായി അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (എഫ്) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനപുനരുദ്ധാരണവും, ഭവനപൂർത്തീകരണവും ലക്ഷ്യമാക്കിയാണ് സേഫ് പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ മുഖേന അനുവദിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | പട്ടികജാതി വിഭാഗം (അനുവദിച്ച വീടുകളുടെ എണ്ണം) | പട്ടികവർഗ്ഗ വിഭാഗം (അനുവദിച്ച വീടുകളുടെ എണ്ണം) |
|---|---|---|
| തിരുവനന്തപുരം | 8972 | 2191 |
| കൊല്ലം | 8358 | 741 |
| പത്തനംതിട്ട | 3705 | 609 |
| ആലപ്പുഴ | 4948 | 270 |
| കോട്ടയം | 3036 | 652 |
| ഇടുക്കി | 3835 | 6563 |
| എറണാകുളം | 4575 | 842 |
| തൃശ്ശൂർ | 6316 | 382 |
| പാലക്കാട് | 9203 | 6545 |
| മലപ്പുറം | 11300 | 5009 |
| കോഴിക്കോട് | 5012 | 1296 |
| വയനാട് | 1326 | 14736 |
| കണ്ണൂർ | 1608 | 3872 |
| കാസർഗോഡ് | 1537 | 6702 |
| **ആകെ** | **73731** | **50410** |

**സെക്ഷൻ ഓഫീസർ**